# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 24 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.

videos: http://www.clipmail.kerala.gov.in

email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**പാർട്ട് - 2**

## കോവിഡ് 19: ലോക്ക് ഡൗൺ; മാധ്യമങ്ങൾക്ക് സ്വതന്ത്ര്യമായി പ്രവർത്തിക്കാനുള്ള സൗകര്യം ഉറപ്പുവരുത്തും

കോവിഡ് 19 സാമൂഹ്യവ്യാപന സാധ്യത പശ്ചാത്തലത്തിൽ കേരളം അടച്ച് പൂട്ടിയാലും അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് തടസ്സമില്ലാതെ പ്രവർത്തിക്കാനുള്ള സാഹചര്യം ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വാർത്താ റിപ്പോർട്ടിംഗിനിടയിലും സ്വന്തം സുരക്ഷിതത്വം ഉറപ്പ് വരുത്താൻ മാധ്യമപ്രവർത്തകർ തയ്യാറാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ലോക് ഡൗൺ പശ്ചാത്തലത്തിൽ കേരളത്തിലെ വിവിധ മാധ്യമങ്ങളുടെ ഉന്നതല പ്രതിനിധികളുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോവിഡ് 19 ബോധവൽക്കരണത്തിന് മാധ്യമങ്ങളെക്കാൾ ശക്തിയുള്ള മറ്റൊരു സംഗതിയില്ല. ശാരീരിക അകലം പാലിക്കുമ്പോഴും മാനസികമായി ഒന്നാണെന്ന ബോധം പൊതുജനങ്ങളിലുണ്ടാക്കാൻ മാധ്യമങ്ങൾക്ക് കഴിയണം. കോവിഡ് 19 ന്റെ ആദ്യവ്യാപന ഘട്ടത്തിൽ ബോധവൽക്കരണത്തിൽ വലിയ പങ്കാണ് മാധ്യമങ്ങൾ വഹിച്ചത്. മുഖ്യമന്ത്രി പറഞ്ഞു.

ഹോം ക്വാറന്റൈയിനിൽ നിരീക്ഷണത്തിലുള്ളവർക്ക് ആശാവഹമായ പോസറ്റീവ് വർത്തകൾ നൽകാൻ മാധ്യമങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിജീവനഘട്ടത്തിലാണ് നാം. ഇന്നത്തെ വാർത്താ ക്രമീകരണത്തിൽ ഒരു പുനർക്രമീകരണം വേണോ എന്ന് ആലോചിക്കേണ്ടതുണ്ട്.

ഏത് പരിമിത നിയന്ത്രണവും പൊതുജനങ്ങൾക്ക് അനുബന്ധ സൗകര്യങ്ങൾ ഉണ്ടാക്കിയേക്കാം. എന്നാൽ ഒറ്റ മഹാദുരന്തത്തെ പ്രതിരോധിക്കാനാണീ നിയന്ത്രണങ്ങൾ എന്ന ബോധം പൊതുജനങ്ങൾക്കുണ്ടാക്കാൻ മാധ്യമങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ആളുകളുടെ ആശങ്കകൾ അകറ്റാൻ ചോദ്യോത്തര തുടർപംക്തികൾ അച്ചടി മാധ്യമങ്ങൾക്ക് ആലോചിക്കാവുന്നതാണ്. മാധ്യമങ്ങൾക്ക് വൈദ്യുതി തടസ്സം ഉണ്ടാവില്ല.

കോവിഡ് 19 രോഗബാധയുമായി ബന്ധപ്പെട്ട് വ്യാജ വാർത്തകൾ പടർത്താതിരിക്കാൻ മാധ്യമങ്ങൾ  ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നടപ്പിലാക്കും. മാധ്യമപ്രവർത്തർക്കും മാധ്യമപ്രവർത്തകരുടെ വാഹനങ്ങൾക്കും തടസ്സങ്ങൾ ഉണ്ടാവില്ല. ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പോയി കവറേജ് നടത്തുന്ന മാധ്യമപ്രവർത്തകരുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ട്. ദൃശ്യമാധ്യമ പ്രവർത്തകർ അവരവരുടെ മൈക്കുകൾ സാനിറ്റൈസ് ചെയ്യണം. വാർത്ത സംഘത്തിൽ ആളുകളുടെ പ്രതിനിധ്യം ചുരുക്കണം. പത്രവിതരണത്തിലും ശുദ്ധി പാലിക്കണം. പത്രക്കെട്ടുകൾക്കിടയിലുള്ള പരസ്യനോട്ടീസ് വിതരണം നിർത്തണം. പത്രക്കെട്ടുകളുടെ മടക്ക് നിവർത്തിയുള്ള ഇടപാടുകൾ ആവശ്യമില്ല. മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വിവിധ മാധ്യമങ്ങളെ പ്രതിനിധീകരിച്ച് മാമൻ മാത്യു, മാത്യു വർഗ്ഗീസ് (മലയാള മനോരമ), ശ്രേയസ് കുമാർ (മാതൃഭൂമി), പി രാജീവ് (ദേശാഭിമാനി), ഒ അബ്ദുറഹ്മാൻ (മാധ്യമം), ജോണി ലൂക്കോസ് (എംഎം ടിവി), ഉണ്ണി ബാലകൃഷ്ണൻ (മാതൃഭൂമി), ടി എൻ രവി (കേരള കൗമുദി), രാജാജി മാത്യു തോമസ് (ജനയുഗം) എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1) കോവിഡ് 19 സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിങ്ങിലൂടെ മാധ്യമ മേധാവികളുമായി ചർച്ച നടത്തുന്നു***

***2) മുഖ്യമന്ത്രി പിണറായി വിജയൻ കോവിഡ് 19 സംബന്ധിച്ച് നൽകുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുന്നവർ***

# പാലിയേക്കരയിൽ 31 വരെ ടോൾപിരിവ് നിരോധിച്ചു

പാലിയേക്കര ടോൾ പ്ലാസയിൽ മാർച്ച് 31 വരെ രാത്രി 12 വരെ ടോൾപിരിവ് പൂർണ്ണമായി നിരോധിച്ച് ജില്ലാ കളക്ടർ എസ് ഷാനവാസ് ഉത്തരവിട്ടു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പണം കൈമാറുന്നത് കർശനമായി നിയന്ത്രിക്കണമെന്ന മാർഗ്ഗനിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് നിരോധനം. നിരോധന ഉത്തരവ് പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ ദേശീയപാത പ്രോജക്ട് ഡയറക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവരെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തി. പാലിയേക്കരയിൽ ടോൾ പിരിവിനായി തിരക്ക് ഏറുന്നവെന്ന പരാതിയിൽമേൽ ജില്ലാ കളക്ടർ സ്ഥലം സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. കേരളം ലോക്ക് ഡൗൺ ആയ പശ്ചാത്തലത്തിലാണ് രോഗസംക്രമണ സാധ്യത ഒഴിവാക്കാൻ ജില്ലാ കളക്ടറുടെ ഉത്തരവ്.

***ഫോട്ടോ അടിക്കുറിപ്പ്: വാഹനങ്ങളുടെ തിരക്ക് വർദ്ധിച്ചതിനെ തുടർന്ന് പാലിയേക്കര ടോൾ പ്ലാസ സന്ദർശിക്കുന്ന ജില്ലാ കളക്ടർ എസ് ഷാനവാസ്***

# കോവിഡ് 19 : കനത്ത സുരക്ഷ ഏർപ്പെടുത്തി സിറ്റി പൊലീസ്

കോവിഡ് -19 പശ്ചാത്തലത്തിൽ കനത്ത സുരക്ഷ ഏർപ്പെടുത്തി സിറ്റി പോലീസ്. വാഹന പരിശോധനയുടെ ഭാഗമായി സിറ്റി പൊലീസിന് കീഴിൽ എല്ലാ പൊലീസ് സ്റ്റേഷൻ പരിധികളിലും ചെക്കിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചു. ആൾക്കൂട്ടം തടയുന്നതിന് പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിൽ നാല് മൊബൈൽ പട്രോളിംഗ് വാഹനങ്ങളും ഒരു സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ മൂന്ന് സിവിൽ പൊലീസ് ഓഫീസർമാരേയും ഏർപ്പെടുത്തി. സംസ്ഥാനത്ത് ലോക്ക്ഡൗൺ പുറപ്പെടുവിച്ച സാഹചര്യത്തിൽ ജനങ്ങൾക്ക് അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിന് വിൽപ്പന കേന്ദ്രങ്ങൾ കൃത്യസമയത്ത് തുറക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സ്റ്റേഷനറി കടകളിലും സൂപ്പർ മാർക്കറ്റുകളിലും ബിവറേജ് ഔട്ട്ലെറ്റുകളിലും ആൾക്കൂട്ടം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനും പൊലീസ് പ്രത്യേകം നിരീക്ഷണം നടത്തുന്നുണ്ട്.

# കോവിഡ് 19 : കുന്നംകുളം മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തം

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുന്നംകുളം മേഖലയിൽ അതീവ ജാഗ്രതാ നിർദേശവും കരുതൽ മുന്നറിയിപ്പും. മേഖലയിലെ തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യ വിഭാഗവും പോലീസുമാണ് ജനങ്ങൾക്ക് വേണ്ട ബോധവൽക്കരണം നടത്തി പരമാവധി ആളുകളെ ഹോം സ്റ്റേ സംവിധാനത്തിലാക്കാൻ ശ്രമമാരംഭിച്ചത്. ഇതിന്റെ ഭാഗമായി നഗരത്തിലും പരിസര പ്രദേശങ്ങളിലും അനാവശ്യമായി സമയം ചെലവഴിക്കുന്നവരെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി വീട്ടിലേക്കു തിരിച്ചുവിടുന്നുണ്ട്. വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവരെ കണ്ടെത്താനും പ്രാദേശിക തലത്തിൽ ശ്രമമാരംഭിച്ചിട്ടുണ്ട്. വിദേശത്തു നിന്നെത്തി നാട്ടിൽ കറങ്ങി നടന്ന പത്തോളം പേരെ കണ്ടെത്തി ഹോം ക്വാറന്റയിനിൽ പാർപ്പിച്ചിട്ടുണ്ട്.

കടവല്ലൂർ, കാട്ടകാമ്പാൽ, പോർക്കുളം, ചൊവ്വന്നൂർ, വേലൂർ, കണ്ടാണശ്ശേരി, കടങ്ങോട്, ചൂണ്ടൽ പഞ്ചായത്തുകളിൽ ആരോഗ്യ വിഭാഗം പ്രവർത്തകർ വിദേശത്തു നിന്നെത്തിയവരുടെ വിവരശേഖരണം നടത്തി അവരോട് 14 ദിവസം വീട്ടിൽ തന്നെ ഇരിക്കാൻ കർശന നിർദ്ദേശങ്ങൾ നൽകിയതായി അതത് പഞ്ചായത്തു പ്രസിഡന്റുമാർ അറിയിച്ചു. പ്രവർത്തനങ്ങൾക്ക് കുന്നംകുളം പോലീസും ആരോഗ്യ വിഭാഗവും ഒപ്പമുണ്ട്.

കുന്നംകുളം നഗരസഭയിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. 04885 222221 എന്ന നമ്പറിൽ 24 മണിക്കൂർ സേവനം ലഭിക്കുമെന്ന് ചെയർപേഴ്സൺ സീതാ രവീന്ദ്രൻ അറിയിച്ചു. കുന്നംകുളം താലൂക്ക് ആശുപത്രിയിൽ നേരത്തെ തന്നെ കോവിഡ് 19 ഒ പി യും ഐസലേഷൻ വാർഡും ക്രമീകരിച്ചു. താലൂക്ക് ആശുപത്രിയിൽ 15 ആശാ വർക്കർമാർ നിർമ്മിച്ച മാസ്ക് ആശുപത്രിയിലെത്തുന്നവർക്കും നഗരസഭയിലെ വിവിധ വാർഡുകളിലേക്കും വിതരണം ചെയ്യുന്നുണ്ടെന്ന് ആശുപത്രി സൂപ്രണ്ട് എ വി മണികണ്ഠൻ അറിയിച്ചു.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുന്നംകുളം കക്കാട് ഗണപതി ക്ഷേത്രത്തിൽ ഇന്നലെ മുതൽ ( മാർച്ച് 24) ഭക്തരെ പ്രവേശിപ്പിക്കുന്നത് നിർത്തിവെച്ചു. കുന്നംകുളം നഗരസഭ തുറക്കുളം മാർക്കറ്റും ഇന്നലെ അടച്ചു. ഇന്നലെ രാവിലെ മുതൽ ജില്ലാതിർത്തിയായ ഒറ്റപ്പിലാവ് തണത്ര പാലം, കടവല്ലൂർ അമ്പലം ബസ് സ്റ്റോപ്പ് എന്നിവിടങ്ങളിൽ പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നെത്തുന്ന വാഹനങ്ങളിലെ ആളുകളെ പോലീസും ആരോഗ്യ വിഭാഗവും പരിശോധിക്കുകയും ബോധവത്ക്കരണം നടത്തുകയും ചെയ്തു.

കുന്നംകുളം നഗരസഭയിലും ചൊവ്വന്നൂർ ബ്ലോക്കിലെ എട്ട് പഞ്ചായത്തുകളിലും ഉച്ചഭാഷിണിയിലൂടെ അതിജാഗ്രത മുന്നറിയിപ്പും നൽകി.

## കോവിഡ് 19 അതിവ്യാപനം തടയുന്നതിന് കർശന നടപടികളുമായി ചാവക്കാട് നഗരസഭ

ഹോം ഐസൊലേഷൻ പ്രോട്ടോകോൾ ലംഘിക്കുന്നവരെ നിരീക്ഷിക്കാൻ ചാവക്കാട് നഗരസഭ രൂപീകരിച്ച നിരീക്ഷണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കി. വിദേശത്ത് നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തിയ ആളുകൾ നിർബന്ധമായും ഹോം ഐസൊലേഷൻ പ്രോട്ടോകോൾ പാലിക്കണമെന്നും അല്ലാത്തപക്ഷം നിയമ നടപടികൾ നേരിടേണ്ടി വരുമെന്നും നഗരസഭ സെക്രട്ടറി അറിയിച്ചു. യാത്ര കഴിഞ്ഞെത്തുന്ന ആളുകൾ പ്രോട്ടോകോൾ ലംഘിച്ച് പൊതു ഇടങ്ങളിൽ വ്യാപരിക്കുന്നുവെന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് നടപടി.

ഹോം ക്വാറന്റൈയിൻ പാലിക്കാത്തവർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. നിരീക്ഷണ സംഘത്തിൽ സിവിൽ പോലീസ് ഓഫീസറുടെ സേവനവും ഇനിമുതൽ ലഭ്യമാക്കും. കോവിഡ് 19 വൈറസിന് എതിരെയുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കുകയും ബോധവത്കരണ പരിപാടികൾ നടത്തുകയും ചെയ്യും. രോഗവ്യാപനം തടയാൻ ജനങ്ങൾ ആരോഗ്യ വകുപ്പിന്റെയും നഗരസഭയുടെയും മാർഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കും.

## കേരള കലാമണ്ഡലം: പരീക്ഷകൾ മാറ്റിവെച്ചു

കേരള കലാമണ്ഡലം കൽപിത സർവകലാശാലയിൽ ഏപ്രിൽ ഒന്നിന് ആരംഭിക്കാനിരുന്ന ബി. എ രണ്ട്, നാല്, ആറ് സെമസ്റ്റർ തിയറി പരീക്ഷകൾ മാറ്റിവെച്ചു. കോവിഡ് 19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായാണ് പരീക്ഷകൾ മാറ്റിവെച്ചത്. പ്രാക്ടിക്കൽ പരീക്ഷകൾ ടൈംടേബിൾ പ്രകാരം തന്നെ നടക്കുന്നതാണ്. മാറ്റിവെച്ച പരീക്ഷാ തീയതികൾ പിന്നീട് അറിയിക്കും.

## അവശ്യസാധനങ്ങളുടെ വിതരണം; വ്യാപാര സംഘടനാ പ്രതിനിധികളുമായി കളക്ടർ കൂടിയാലോചന നടത്തി

കോവിഡ് 19 സാമൂഹ്യവ്യാപന പശ്ചാത്തലത്തിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ജില്ലാ കളക്ടർ എസ് ഷാനവാസ് വിവിധ വ്യാപാര സംഘടന പ്രതിനിധികളുമായി ചർച്ച നടത്തി. ഇത് സംബന്ധിച്ച് കളക്ടറുടെ ചേമ്പറിൽ പ്രത്യേക യോഗം ചേർന്നു. ജില്ലയിൽ പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടഞ്ഞ് സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയാനും കൃത്രിമ ക്ഷാമം ഒഴിവാക്കാനും, വിതരണം കാര്യക്ഷമമാക്കാനും വേണ്ടി വ്യാപാരി സമൂഹത്തിന്റെ സഹായം ഉറപ്പുവരുത്തുന്നതിനായിരുന്നു യോഗം. വ്യാപാരി വ്യവസായി സമിതി, മർച്ചന്റ് അസോസിയേഷൻ, ആൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗ്ഗിസ്റ്റ് അസോസിയേഷൻ എന്നീ വ്യാപാരസംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. സർക്കാർ ദൗത്യത്തിന് വ്യാപാരികളുടെ പൂർണ പിന്തുണ യോഗത്തിൽ ഉറപ്പുവരുത്തി.

## കയ്പമംഗലത്ത് സർക്കാർ നിർദ്ദേശം ലംഘിച്ച് തുറന്നിരുന്ന കടകൾ അടപ്പിച്ചു

കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദ്ദേശം ലംഘിച്ച് തുറന്നിരുന്ന കടകൾ ഗ്രാമപഞ്ചായത്തും ആരോഗ്യ വകുപ്പും പോലീസും ചേർന്ന് അടപ്പിച്ചു. ആവശ്യ സാധനങ്ങൾ ലഭിക്കുന്ന കടകൾ വൈകിട്ട് അഞ്ച്മണിവരെ മാത്രമേ തുറക്കാവൂ എന്ന് കർശന നിർദ്ദേശം നൽകി. റേഷൻ കടകൾ, പലചരക്ക് കടകൾ, പച്ചക്കറി കടകൾ തുടങ്ങിയ തിരക്കുള്ള കടകളിൽ ആളുകളുടെ തിരക്ക് നിയന്ത്രിച്ച് ഒരു മീറ്റർ അകലം പാലിച്ച് നിർത്താൻ കർശന നിർദ്ദേശം നൽകി. അനാവശ്യമായി കവലകളിൽ ആളുകൾ കൂട്ടംകൂടി നിൽക്കുന്നത് ഒഴിവാക്കാനുള്ള നടപടികളും സ്വീകരിച്ചു. സർക്കാർ നിർദ്ദേശങ്ങൾ ജനങ്ങൾ കർശനമായി പാലിക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് ടി വി സുരേഷ് ബാബു അറിയിച്ചു. കയ്പമംഗലം പോലീസ് ഇൻസ്പെക്ടർ ജയേഷ് ബാലൻ, കയ്പമംഗലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർമാരായ എം എസ് ബിനോജ്, പി വി സുനിൽകുമാർ, കെ വി രഞ്ജിത്ത് എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

## ജില്ലാ ഹോമിയോപ്പതി ആശുപത്രി ഹാന്റ് സാനിറ്റൈസർ നിർമ്മിച്ചു

തൃശൂർ ജില്ലാ ഹോമിയോപ്പതി വകുപ്പിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും രോഗികൾക്കും വേണ്ടി ഹാന്റ് സാനിറ്റൈസർ നിർമ്മിച്ചു. ഇതിനായി ജില്ലാ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ പി.കെ. സനു സ്പിരിറ്റ് അനുവദിച്ച് ഉത്തരവായി. ജില്ലാ ഹോമിയോപ്പതി ആശുപത്രിയിൽ വെച്ച് ലോകാരോഗ്യ സംഘടന നിഷ്കർഷിക്കുന്ന രീതിയിലാണ് ഹാന്റ് സാനിറ്റൈസർ നിർമ്മിച്ചത്. ആശുപത്രി സൂപ്രണ്ട് ഡോ.കെ.കെ. ബിന്ദു, റേഞ്ച് ഇൻസ്പെക്ടർ ഹരിനന്ദന് ഹാന്റ് സാനിറ്റൈസർ നൽകി വിതരണോത്ഘാടനം നിർവഹിച്ചു.

## ആശ്രയമറ്റവർക്ക് പ്രത്യേക ക്യാമ്പൊരുക്കി ഗുരുവായൂർ നഗരസഭ

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഗുരുവായൂർ നഗരസഭ പ്രത്യേക ക്യാമ്പ് തുടങ്ങി. നിരാലംബരെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെയാണ് നഗരസഭ താൽക്കാലിക ക്യാമ്പ് ആരംഭിച്ചത്. ലോക്ക് ഡൗൺ കാരണം തിരികെ നാട്ടിലേക്ക് പോകാനാകാതെ കുടുങ്ങിപോയ ആളുകളെ ക്യാമ്പിൽ പാർപ്പിക്കും. ഗുരുവായൂർ ഗവൺമെന്റ് യു. പി സ്കൂളാണ് താൽക്കാലിക ക്യാമ്പായി സജ്ജീകരിച്ചിട്ടുള്ളത്. നിലവിൽ 72 പേരെ ക്യാമ്പിൽ താമസിപ്പിച്ചിട്ടുണ്ട്.

ആദ്യഘട്ടത്തിൽ ഗുരുവായൂർ നഗരത്തിൽ പലയിടങ്ങളിലായി അലഞ്ഞു നടന്നിരുന്ന 42 പേരെ നഗരസഭ അഗതിമന്ദിരത്തിൽ പാർപ്പിച്ചിരുന്നു. ബാക്കിയുള്ളവരെയാണ് ഇപ്പോൾ ഈ പ്രത്യേക ക്യാമ്പിലേക്ക് മാറ്റുന്നത്. ക്യാമ്പിലേക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ ഗുരുവായൂർ ദേവസ്വം നേരിട്ട് എത്തിക്കും. ഭക്ഷണം പാകം ചെയ്യുന്ന ചുമതല നഗരസഭ കുടുംബശ്രീയെ ഏൽപ്പിച്ചു. പോലീസിന്റെ സഹായത്താലാണ് അഗതികളെ ക്യാമ്പുകളിൽ കൊണ്ടുവരുന്നത്. തുടർന്ന് പോലീസ് നിരീക്ഷണവും മെഡിക്കൽ സൗകര്യവും ഏർപ്പെടുത്തും.

നഗരസഭ ചെയർപേഴ്സൻ എം. രതി അധ്യക്ഷത വഹിച്ച യോഗത്തിലാണ് തീരുമാനം. ഡെപ്യൂട്ടി കളക്ടർ എം. ബി ഗിരീഷ്, ദേവസ്വം ചെയർമാൻ കെ. ബി മോഹൻദാസ്, നഗരസഭ വൈസ് ചെയർമാൻ അഭിലാഷ് വി. ചന്ദ്രൻ, കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ജ്യോതിഷ് കുമാർ, നഗരസഭ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻമാരായ കെ. വി വിവിധ്, ടി. എസ് ഷെനിൽ, സെക്രട്ടറി എ. എസ് ശ്രീകാന്ത്, സർക്കിൾ ഇൻസ്പെക്ടർ അനന്തകൃഷ്ണൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## കോവിഡ് 19: അഴീക്കോട് മാരിടൈം കോളേജ് ക്വാറന്റൈൻ കേന്ദ്രമാക്കും

കോവിഡ് 19 സമൂഹവ്യാപനയുടെ പശ്ചാത്തലത്തിൽ അഴീക്കോട് മാരിടൈം കോളേജ് ക്വാറന്റൈൻ കേന്ദ്രമാക്കാൻ തീരുമാനം. വിശാലമായ ഹോസ്റ്റൽ അടക്കം എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ളതാണ് കോളേജ്. പുതുതായി നിരീക്ഷണത്തിലുള്ളവരെ താമസിപ്പിക്കുന്നതിനായി പുതിയ ക്വാറന്റൈൻ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ അടക്കമുള്ളവർ സന്ദർശിച്ചു വിലയിരുത്തിയതിനെ തുടർന്നാണ് മാരിടൈം കോളേജ് ക്വാറൈന്റൻ കേന്ദമാക്കാൻ തീരുമാനിച്ചത്. ഇവിടെ നൂറ്റമ്പതോളം കിടക്കകൾ ഒരുക്കും. മാരിടൈം കോളേജ് കൂടാതെ അഴീക്കോട് പഴയ കരിക്കുളം ഹോസ്പിറ്റൽ, കയ്പമംഗലം ഗാർഡിയൻ ആശുപത്രി, മതിലകം ആൽഫ പാലിയേറ്റീവ് ആശുപത്രി, ചെന്ത്രാപ്പിന്നി അൽ ഇഖ്ബാൽ ആശുപത്രി തുടങ്ങിയവയും ക്വാറൈന്റന് കേന്ദ്ര മാക്കി മാറ്റാനുള്ള നടപടിയും സ്വീകരിച്ചു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി മതിലകം ബ്ലോക്ക് പഞ്ചായത്തിൽ ചേർന്ന ഉന്നതതലയോഗത്തിന്റേതാണ് തീരുമാനം. കയ്പമംഗലം നിയോജക മണ്ഡലത്തിൽ 1329 പേരാണ് ക്വാറന്റൈനിലുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ പോലീസ് അധികാരികളെ ചുമതലപ്പെടുത്തി. മണ്ഡലത്തിന്റെ വിവിധ സെന്ററുകളിൽ കൂട്ടംകൂടുന്നവർക്കെതിരെയും അനാവശ്യ യാത്ര ചെയ്യുന്നവർക്കെതിരേയും നിയമ നടപടി എടുക്കാനും പോലീസിന് നിർദ്ദേശം നൽകി. കളിസ്ഥലങ്ങളിൽ കളികൾ നിർത്തിവെക്കാനും, മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകൾ നിയന്ത്രിക്കാനും ഓട്ടോറിക്ഷ തൊഴിലാളികളെ നേരിൽ കണ്ട് സ്വയം നിയന്ത്രണ ഓട്ടം ക്രമീകരിക്കാനും പഞ്ചായത്തുകളെ ചുമതലപെടുത്തി. ക്വാറന്റെയിനിൽ ഉള്ള വീട്ടുകാർക്ക് ആവശ്യമുള്ള സഹായങ്ങൾ പഞ്ചായത്ത് കമ്മിറ്റി മുഖേന പഞ്ചായത്ത് മെമ്പർമ്മാരുടെ നേതൃത്വത്തിലുള്ള വാർഡ് തല ജാഗ്രതാ സമിതികൾ ചെയ്തുകൊടുക്കണം. മാവേലി സ്റ്റോറുകൾ, സപ്ലൈക്കോ, റേഷൻ കടകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ ആവശ്യ സാധനങ്ങൾ ഉറപ്പ് വരുത്തും. പൊതുജനങ്ങൾ അത്യാവശ്യത്തിനു മാത്രമേ വീട്ടിൽ നിന്നും പുറത്തിറങ്ങാവു എന്നും പ്രായമായവരും കുട്ടികളും ഒരു കാരണവശാലും വീടിനു പുറത്തിറങ്ങരുതെന്നും യോഗം നിർദ്ദേശിച്ചു. ബ്രേക്ക് ദി ചെയിൻ കൂടുതൽ തലങ്ങളിലേക്ക് വ്യാപിപ്പിക്കും. ജീവിതശൈലീരോഗങ്ങളുടെ മരുന്നുകഴിക്കുന്ന വ്യക്തികൾക്ക് ആശാവർക്കർമാർ മുഖേന മരുന്നുകൾ വീടുകളിൽ എത്തിച്ചു തുടങ്ങി. ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും അനുസരിക്കണമെന്നും യോഗം നിർദ്ദേശം നൽകി. എംഎൽഎ ഇ.ടി. ടൈസൺ മാസ്റ്റർ അധ്യക്ഷത വഹിച്ച യോഗത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ അബീദലി, തഹസിൽദാർ കെ രേവ, വിവിധ പഞ്ചായത്ത് പ്രസിഡണ്ടുമാർ, മതിലകം ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ വിനീത സോമൻ, പെരിഞ്ഞനം പി എച്ച് സി സൂപ്രണ്ട് ഡോ സാനു എം പരമേശ്വരൻ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

*ഫോട്ടോ അടിക്കുറിപ്പ്: ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎയുടെ നേതൃത്വത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന യോഗം*

## റേഷൻ കടകളിൽ പരിശോധന ശക്തമാക്കി സിവിൽ സപ്ലൈസ് വകുപ്പ്

ജില്ലയിലെ വിവിധ താലൂക്കുകളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ റേഷൻ കടകളിൽ പരിശോധന ശക്തമാക്കി സിവിൽ സപ്ലൈസ് വകുപ്പ്. ഇതിനായി എസ്ഐ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, റേഷൻ ഇൻസ്പെക്ടർമാർ എന്നിവരടങ്ങുന്ന പ്രത്യേക സ്ക്വാഡിനെ രൂപീകരിച്ചു. പരിശോധനയിൽ കൂടുതൽ വിലയ്ക്ക് ഭക്ഷ്യ സാധനങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കും. നിലവിൽ പൊതുവിപണിയിലെ 226 കടകളിൽ ലോക്ക് ഡൗണിന്റെ ഒന്നാംദിനം പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. റേഷൻകടകളിൽ മാർച്ച് മാസത്തെ വിഹിതം സ്റ്റോക്ക് എത്തിച്ചു. ഏപ്രിൽ മാസത്തെ റേഷൻ വിഹിതം വിതരണം ആരംഭിച്ചു. ജില്ലയിലെ എല്ലാ റേഷൻ കടകളിലും ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് ഉള്ളതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. എൻ എഫ് സി എ ഗോഡൗണുകളിൽ ഏപ്രിൽ മാസത്തെ റേഷൻ വിഹിതത്തിന്റെ വിട്ടെടുപ്പ് പൂർത്തിയാക്കുകയും മെയ് മാസത്തെ വിട്ടെടുപ്പ് ആരംഭിക്കുകയും ചെയ്തു. മിൽമ പാൽ, പെട്രോൾ, ഡീസൽ, എൽ പി ജി എന്നിവയുടെ ലഭ്യതയും ഉറപ്പുവരുത്തി. ജില്ലയിലെ 1200 റേഷൻകട ലൈസൻസികൾക്കും സെയിൽസ്മാൻമാർക്കും ആവശ്യമായ മാസ്ക് മൂന്നെണ്ണം വീതം കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കി വിതരണം ചെയ്തു. കൂടാതെ ബ്രേക്ക് ദ ചെയിൻ പോസ്റ്റർ എല്ലാ കടകളിലും പ്രദർശിപ്പിച്ചു. എല്ലാ റേഷൻ കടകളിലും വെള്ളവും സോപ്പും ആവശ്യത്തിന് ലഭ്യമാണെന്നും ഉറപ്പു വരുത്തി. പച്ചക്കറികളുടെ ലഭ്യതയ്ക്കും വില നിയന്ത്രണത്തിനുമായി വ്യാപാരിവ്യവസായി സംഘടനകളുടെ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്നു. ജനങ്ങൾ ആവശ്യസാധനങ്ങൾ ശേഖരിക്കുന്നതിൽ പരിഭ്രാന്തരാകേണ്ട കാര്യമില്ലെന്നും അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സപ്ലൈ ഓഫീസർ അറിയിച്ചു.

## തുടരും